കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മേലില ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.കെ.എൽ.എം.പി11/2349/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 19/12/2025
ഇ-മെയിൽ:
doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മേലില ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മേലില ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മേലില ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: തീയ്യതി: 19/12/2025
കെ.എസ്.എ.കെ.എൽ.എം.പി11/2349/25

കൊല്ലം ജില്ലയിലെ മേലില ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ മേലില ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-11-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.മണിലാൽ വി	ഡെപ്യൂട്ടി ഡയറക്ടർ	04-11-2025	13-11-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
04-11-2025	13-11-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ശ്രീകുമാരി റ്റി. ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി പത്മകുമാരി എൽ. ഓഡിറ്റ് ഓഫീസർ
ശ്രീമതി വിഷ്ണുപ്രിയ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീ.അഭിലാഷ് ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. ശ്രീജ പി.	പ്രസിഡന്റ്	01-04-2024	27-01-2025
ശ്രീ എബി ഷാജി	പ്രസിഡന്റ്	14-02-2025	31-03-2025
ശ്രീമതി. ജി. എസ് സുനിത	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. ഷമീല ബീവി. ഇ.	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	31-03-2025
ഡോ. അജിതകുമാരി കെ. ബി	മെഡിക്കൽ ഓഫീസർ, പി. എച്ച്.സി.	01-04-2024	03-07-2024
ഡോ.അപർണ. വി.	മെഡിക്കൽ ഓഫീസർ, പി. എച്ച്.സി.	04-07-2024	01-08-2024
		22-12-2024	31-03-2025
ഡോ.പ്രശാന്ത് സി.ജെ	മെഡിക്കൽ ഓഫീസർ, പി. എച്ച്.സി.	02-08-2024	21-12-2024
ഡോ. ആമിന കെ എൻ	മെഡിക്കൽ ഓഫീസർ,ഹോമിയോ	01-04-2024	31-03-2025
ഡോ.ഡാരോൺ ജോസഫ്	വെറ്ററിനറി സർജൻ	01-04-2024	31-03-2025
ശ്രീമതി.ഷീജാമോൾ ടി.കെ	അസിറ്റന്റ് എഞ്ചിനീയർ	01-04-2024	07-09-2024
ശ്രീമതി.ലക്ഷ്മി വി.	അസിറ്റന്റ് എഞ്ചിനീയർ	10-09-2024	31-03-2025
ശ്രീ.വർഗ്ഗീസ് മൈക്കിൾ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2024	31-03-2025
ശ്രീമതി. സുമയ്യ എസ്.	കൃഷി ഓഫിസർ	01-04-2024	31-03-2025
ശ്രീമതി.ആഷ സി. ആർ.	ഹെഡ്മിസ്ട്രസ്സ്	01-04-2024	31-03-2025
ശ്രീമതി.ഹസീന എ	വി.ഇ.ഒ.	01-04-2024	07-09-2024
ശ്രീമതി.രാജിമോൾ വി.	വി.ഇ.ഒ.	18-09-2024	31-03-2025
ശ്രീ.സുരേഷ് കുമാർ എസ്.	വി.ഇ.ഒ.	01-04-2024	31-03-2025
ശ്രീമതി.രേഖ ആർ.കെ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	ലൈഫ് ഭവന പദ്ധതി സംസ്ഥാനാവിഷ്കൃത ഫണ്ടിന്റെ ചെലവ് ലോൺ അക്കൗണ്ടിൽ നിന്നും ചെലവ് ചെയ്തു	1-1-1
3	ലൈഫ് ഭവനപദ്ധതി ജനറൽ ഹഡ്കോ ലോണിൽ നിന്നും ചെലവഴിക്കേണ്ട തുക തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചു	1-1-2
4	ബ്ലോക്ക് പഞ്ചായത്ത് വിഹിതം ആയി ലഭിച്ച തുക പൂർണ്ണമായും ചെലവഴിച്ചില്ല - സുലേഖയിൽ ചെലവായി ഉൾപ്പെടുത്തി	1-1-3
5	വസ്തു നികുതി സഞ്ചയ പ്രകാരമുള്ള അരിയർ ഡിമാന്റ് തുക വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല	1-1-4
6	ബജറ്റ്	1-2
7	സാമ്പത്തിക വിശകലനം	1-3
8	ഫണ്ട് വിനിയോഗം	1-4
9	പദ്ധതി അവലോകനം	1-5
10	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	1-6
11	ക്യാഷ് പരിശോധന	1-7
12	ക്ഷേമ പദ്ധതികൾ	1-8
13	ആഭ്യന്തര നിയന്ത്രണം	1-9
14	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
15	സേവന ഉപനികുതി ഈടാക്കുന്നില്ല	1-11
16	വസ്തു നികുതി - എയർകണ്ടീഷനിംഗ് വർദ്ധനവ് ഈടാക്കിയില്ല	1-12
17	ഷോപ്പിംഗ് കോംപ്ലക്സ്-വർദ്ധിപ്പിച്ച നിരക്കിലുള്ള വാടക കെഎസ്ഇബി ഒടുക്കുന്നില്ല	1-13
18	സ്വന്തമായി കെട്ടിടം ഉണ്ടായിരിക്കെ എംസിഎഫിന് കെട്ടിടം വാടകയ്ക്ക് എടുത്തു	1-14
19	മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിൽ സമയപരിധി പാലിക്കുന്നില്ല	1-15
20	മഴക്കാല പൂർവ്വ ശുചീകരണം -അപാകതകൾ	1-16
21	ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുവാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല	1-17
22	പാലിയേറ്റീവ് കെയർ പ്രോജക്ട്-നിർവ്വഹണത്തിലെ അപാകതകൾ	1-18
23	വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല	1-19
24	പകർച്ച വ്യാധി പ്രതിരോധം-ബോധവൽക്കരണ ബോർഡുകൾ സ്ഥാപിക്കുന്നതിന് മാത്രമായി തുക ചെലവഴിച്ചു	1-20
25	തെരുവുവിളക്കു മെയിന്റനൻസ് പ്രവൃത്തികൾ-നടപടിക്രമങ്ങൾ പാലിക്കുന്നില്ല	1-21
26	ലൈഫ് ഭവന പദ്ധതി - വിവിധ ഫണ്ടുകളിലെ ചെലവുകളിൽ അപാകതകൾ	1-22
27	ലൈഫ് ഭവന പദ്ധതി- ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ചില്ല	1-23
28	കാലി ബാരൽ വില ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കാതെ തനത് ഫണ്ടിൽ ഒടുക്കി	1-24
29	ആസ്തികൾ സംരക്ഷിക്കുന്നില്ല	1-25
30	ജൽജീവൻമിഷൻ അവലോകനം	1-26
31	ഹെൽത്ത് ഗ്രാൻറ് അവലോകനം	1-27
ഭാഗം 2		
--- No Records Found ---		

ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന	4-1
2	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-5
6	വായ്പ / വായ്പാ തിരിച്ചടവ്	4-6
7	സ്ഥിരനിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-9
10	ചാർജ്/സർചാർജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	അനുബന്ധപത്രികകൾ	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. മേലില ഗ്രാമ പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 08-07-2025 തീയതിയിലെ 2(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 08-07-2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മേലില ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കൊല്ലം
തീയതി: 19.12.2025

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

1-1-1 ലൈഫ് ഭവന പദ്ധതി സംസ്ഥാനാവിഷ്കൃത ഫണ്ടിന്റെ ചെലവ് ലോൺ അക്കൗണ്ടിൽ നിന്നും ചെലവ് ചെയ്തു

1. 2024-25 ലെ സംസ്ഥാനാവിഷ്കൃത ഫണ്ടിന്റെ മുൻബാക്കി 23,90,000/-രൂപയാണ്. 2024-25-ൽ സംസ്ഥാനാവിഷ്കൃതഫണ്ട് തുകകൾ ലഭിച്ചിട്ടില്ല. എന്നാൽ 2024-25 വർഷം ലൈഫ് ഭവന പദ്ധതിയ്ക്കായി 27,50,000/-രൂപ വകയിരുത്തി.
2. 27,50,000/-രൂപ വകയിരുത്തിയതിൽ 25,50,000/-രൂപ ചെക്ക് നൽകിയതിലെ പിശക് കാരണം ഹഡ്കോ ലോൺ അക്കൗണ്ടിൽ നിന്ന് ചെലവഴിച്ചു.

3. ലൈഫ് ഭവനപദ്ധതിയിൽ ഹഡ്കോ ലോൺ അക്കൗണ്ടിൽ നിന്ന് തെറ്റായി ചെലവഴിച്ച 2550000/-രൂപ 06.09.2025 ൽ സംസ്ഥാനാവിഷ്കൃത ഫണ്ട് ക്രെഡിറ്റ് ചെയ്യുന്ന തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും ഹഡ്കോ ലോൺ അക്കൗണ്ടിലേക്ക് റീകൂപ്പ് ചെയ്തിട്ടുണ്ട്. എന്നാൽ തനത് ഫണ്ട് അക്കൗണ്ടിൽ സംസ്ഥാനാവിഷ്കൃതഫണ്ടിനത്തിൽ അവശേഷിക്കുന്ന തുക 23,90,000/-രൂപയാണ്. തനത് ഫണ്ടിൽ നിന്നും അധികമായി 3,60,000/-രൂപ ചെലവ് ചെയ്തു.

1-1-2 ലൈഫ് ഭവനപദ്ധതി ജനറൽ ഹഡ്കോ ലോണിൽ നിന്നും ചെലവഴിക്കേണ്ട തുക തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചു

ലൈഫ് ഭവനപദ്ധതി (ജനറൽ) ഇനത്തിൽ ഹഡ്കോ ലോണിൽ നിന്നും ചെലവഴിക്കേണ്ട 57254/-രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചു (ചെക്ക് നമ്പർ 912352/24.08.24). ആയതിനാൽ സുലേഖ ചെലവും ബാങ്ക് അക്കൗണ്ട് ചെലവും തമ്മിൽ 57254/-രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

1-1-3 ബ്ലോക്ക് പഞ്ചായത്ത് വിഹിതം ആയി ലഭിച്ച തുക പൂർണ്ണമായും ചെലവഴിച്ചില്ല - സുലേഖയിൽ ചെലവായി ഉൾപ്പെടുത്തി

ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവ് തുക I-6 ഷെഡ്യൂൾ പ്രകാരം 1679684/-രൂപയാണ്. എന്നാൽ സുലേഖ പത്രിക പ്രകാരം ചെലവ് തുക 2329684/-രൂപയാണ്. വെട്ടിക്കവല ബ്ലോക്കിൽ നിന്നും പ്രോജക്ട് നമ്പർ 211/25- പൊതു സ്ഥലങ്ങളിൽ ക്യാമറ സ്ഥാപിക്കൽ പദ്ധതിയുടെ ബ്ലോക്ക് വിഹിതം തുകയായ 650000/-രൂപ സുലേഖ പ്രകാരമുള്ള ചെലവിൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ I-6 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല (ബ്ലോക്ക് പഞ്ചായത്തിൽനിന്നും കൈമാറിക്കിട്ടിയ 650000/-രൂപയിൽ 158883/-രൂപ മാത്രമാണ് തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുള്ളത്. ആയത് ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിൽ ഉൾപ്പെടുത്തിയിരിക്കുന്നു).

1-1-4 വസ്തു നികുതി സഞ്ചയ പ്രകാരമുള്ള അരിയർ ഡിമാന്റ് തുക വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല

ഇനം	സഞ്ചയ	വാർഷിക കണക്ക്
Property Tax Non Residential Arrear Demand	82616/-	9817/-
Property Tax Residential Arrear Demand	11580/-	60624/-

1-2 ബജറ്റ്

2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 09.02.2024-ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. 12.02.2025 ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ച ബജറ്റും അംഗീകരിച്ചിട്ടുണ്ട്.

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	₹3,79,49,381/-
വരവ്	₹4,71,81,666/-
ആകെ	₹8,51,31,047/-
ചെലവ്	₹4,45,98,272/-
നീക്കിയിരിപ്പ്	₹4,05,32,775/-

വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/നിരാകരിക്കുന്ന തുക	ഇല്ല
തടസ്സപ്പെടുത്തിയ തുക	₹2,45,333/-

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരിപ്പ്/ ലാപ്സായ തുക ₹
വികസന ഫണ്ട്-ജനറൽ	0	12351855/-	12351855/-	12345624/-	6231/-
വികസന ഫണ്ട്-എസ്.സി.പി	0	6187742/-	6187742/-	5940701/-	247041/-
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ടൈഡ് ബാങ്ക്	5569071/-	5992000/-	11561071/-	898644/-	10662427/-
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ടൈഡ് ട്രഷറി	0	813552/-	813552/-	453977/-	359575/-
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ബേസിക് ഗ്രാന്റ് – അൺടൈഡ് ബാങ്ക്	2105193/-	2798610/-	4903803/-	2682101/-	2221702/-
മെയിന്റനൻസ്, റോഡ്	0	27015000/-	27015000/-	17340795/-	9674205/-
മെയിന്റനൻസ്, നോൺ-റോഡ്	0	4909000/-	4909000/-	3287356/-	1621644/-
4328206**കേന്ദ്രാവിഷ്കൃത ഫണ്ടുകൾ**					
MGNREGS ഭരണ ചെലവുകൾ	4981/-	987223/-	992204/-	0	992204/-
MGNREGS തൊഴിലാളികളുടെ കൂലി	0	32392218/-	32392218/-	32392218/-	0
ശുചിത്വമിഷൻ ഗ്രാന്റ്	499160/-	0	499160/-	409870/-	89290/-
ഐ.സി.ഡി.എസ്	992171/-	3447370/-	4439541/-	774163/-	3665378/-
TSC	1364022/-	48873/-	1412895/-	324500/-	1088395/-
Health Grant Diagnostic Infrastructure To PHC	5217/-	359161/-	364378/-	0	364378/-
Health Grant Conversion Of PHC And Subcenters Into Health And Wellness Centres	69975/-	570618/-	640593/-	70388/-	570205/-
Health Grant Towards Buidingless Subcentres,PHCs And CHCs	2797654/-	98609/-	2896263/-	0	2896263/-
സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ					
ലൈഫ് സംസ്ഥാനാവിഷ്കൃതം	2390000/-	0	2390000/-	2750000/-	(-)360000/-

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (₹)	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് (₹)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
270	174028847/-	137	64655839/-	21	112	50.7%

1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് (രൂപ)	വരവ് (രൂപ)	ആകെ (രൂപ)	ചെലവ് (രൂപ)	നീക്കിയിരുപ്പ് (രൂപ)
ഭരണ ചെലവുകൾ	4981/-	987223/-	992204/-	0	992204/-

ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	0	32392218/-	32392218/-	32392218/-	0
ആകെ	4981/-	33379441/-	33384422/-	32392218	992204/-

1-7 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.11.2025 11:00 AM- ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 571/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക ₹
കർഷകതൊഴിലാളി പെൻഷൻ	1717800/-
വിധവാ പെൻഷൻ	14373800/-
വാർദ്ധക്യകാല പെൻഷൻ	25972500/-
വികലാംഗ പെൻഷൻ	4886400/-
50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ	391200/-
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം	30000/-

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിൽ അടിസ്ഥാന സൗകര്യങ്ങളോട് കൂടിയ ഒരു ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. സേവനങ്ങൾ സംബന്ധിച്ച ബോർഡുകൾ ഗ്രാമ പഞ്ചായത്ത് ഓഫീസിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ 2024-25 സാമ്പത്തിക വർഷം ഐ.എൽ.ജി.എം.എസ് വഴി രസീത് നൽകി സ്വീകരിച്ചിരുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൗണ്ട് ചെയ്യുന്നുണ്ട്. 2025-26 സാമ്പത്തിക വർഷം മുതൽ കെ- സ്മാർട്ട് വഴിയാണ് വരവുകൾ സ്വീകരിക്കുന്നത്. ഗുണഭോക്തൃവിഹിതം പിരിവ്, ഔട്ട് ഡോർ പിരിവ് എന്നിവയ്ക്കായി കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു. കൈകൊണ്ടെഴുതിയ രസീതുകൾ മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് കൃത്യത ഉറപ്പ് വരുത്തുന്നുണ്ട്.
2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളനുസരിച്ച് സർക്കാർ നിർദ്ദേശിച്ച പ്രകാരമുള്ള സേവന ഉപനികുതി ഈടാക്കേണ്ടതാണ്. ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയർ നിശ്ചയിച്ച് നൽകിയിട്ടുള്ള വാടക കെ.എസ്.ഇ.ബി-യിൽ നിന്നും ഈടാക്കേണ്ടതാണ്.
ലൈഫ് പദ്ധതിയിൽ നിർമ്മാണം പൂർത്തീകരിക്കാനുള്ള ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. സർക്കാർ ഉത്തരവുകൾ പാലിച്ചു തെരുവുവിളക്കു പരിപാലനം നടപ്പിലാക്കേണ്ടതാണ്. വാർഷിക പദ്ധതികൾ പ്രകാരം നിർമ്മിക്കുന്ന ആസ്തികൾ പരിപാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	10.11.2022	7/2022-09/2022	10.11.2022
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	12.03.2018 - 22.03.2018	2012-13 മുതൽ 2016-17 വരെ	10.05.2018

1-11 സേവന ഉപനികുതി ഈടാക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 200(1)-ൽ ഒരു ഗ്രാമപഞ്ചായത്തിന് അതിന്റെ പ്രദേശത്ത് വസ്തു നികുതിയും തൊഴിൽ നികുതിയും പരസ്യ നികുതിയും വിനോദനികുതിയും ചുമത്താവുന്നതാണെന്നും, സെക്ഷൻ 200(2)-ൽ ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവഞ്ചിംഗ്, തെരുവുവിളക്ക്, ഡ്രയിനേജ് എന്നിവയ്ക്ക് അപ്രകാരം ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി (ശുചിത്വ പരിപാലനം – വസ്തു നികുതിയുടെ 4%, ജലവിതരണം –വസ്തു നികുതിയുടെ 3%, തെരുവുവിളക്ക്– വസ്തു നികുതിയുടെ 2%, ഡ്രൈനേജ് –വസ്തു നികുതിയുടെ 1%) പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവനനികുതി ചുമത്താവുന്നതാണെന്നും, സെക്ഷൻ 207-ൽ വസ്തുനികുതി, സേവന ഉപനികുതി എന്നിവയിൽ നിന്നൊഴിവാക്കേണ്ട കെട്ടിടങ്ങളെക്കുറിച്ചും വ്യക്തമാക്കിയിട്ടുണ്ട്. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം ഈടാക്കേണ്ട മിനിമം സേവന ഉപനികുതി 10% ആണെങ്കിലും ഗ്രാമപഞ്ചായത്തിൽ ഈടാക്കുന്നില്ല. സെക്ഷൻ 200(2)-ൽ സൂചിപ്പിച്ചിട്ടുള്ള സേവനങ്ങൾക്ക് പഞ്ചായത്ത് പ്രതിവർഷം തുക ചെലവഴിക്കുന്നുണ്ടെങ്കിലും സർക്കാർ നിർദ്ദേശിച്ച പ്രകാരമുള്ള സേവന ഉപനികുതി ഇതുവരെ ഈടാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, സേവന ഉപനികുതി ഈടാക്കുന്നതിന് പ്രൊപ്പോസൽ വച്ചിരുന്നെങ്കിലും ഈടാക്കേണ്ടതില്ല എന്ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് നികുതി ചുമത്താത്തത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. സെക്ഷൻ 200(2)-ൽ സൂചിപ്പിച്ചിട്ടുള്ള സേവനങ്ങൾ എല്ലാം പഞ്ചായത്ത് നൽകുന്നതിനാൽ സേവന ഉപനികുതി ഈടാക്കുന്ന കാര്യം പഞ്ചായത്ത് ഭരണസമിതി പരിഗണിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 18/13.11.2025

1-12 വസ്തു നികുതി - എയർകണ്ടീഷനിംഗ് വർദ്ധനവ് ഈടാക്കിയില്ല

ശ്രീമതി രത്നമണി എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള III/749, 753, 754, 755 നമ്പരുകൾ നൽകിയിട്ടുള്ള കെട്ടിടത്തിന്റെ താഴത്തെ നിലയിൽ 185.95 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ഫെഡറൽ ബാങ്ക് പ്രവർത്തിക്കുന്ന ഭാഗം എയർകണ്ടീഷനിംഗ് ചെയ്തിട്ടുണ്ടെന്ന് 13.11.2025-ൽ നടത്തിയ സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ സഞ്ചയയിൽ നിന്നുള്ള ഫോം-6 പരിശോധിച്ചതിൽ വസ്തുനികുതിയിൽ എയർകണ്ടീഷനിംഗിന് ഉള്ള 15% വർദ്ധനവ് ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. എയർകണ്ടീഷനിംഗിന് ഉള്ള 15% വർദ്ധനവ് ഉൾപ്പെടുത്തി വസ്തു നികുതി പരിഷ്ക്കരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 18/13.11.2025

1-13 ഷോപ്പിംഗ് കോംപ്ലക്സ്-വർദ്ധിപ്പിച്ച നിരക്കിലുള്ള വാടക കെഎസ്ഇബി ഒടുക്കുന്നില്ല

ഗ്രാമപഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിലെ കെ.എസ്ഇ.ബി-യ്ക്ക് വാടകയ്ക്ക് നൽകിയിരിക്കുന്ന കെട്ടിടത്തിന്റെ (കെട്ടിട നമ്പർ III/74) വാടക 5000/-രൂപയാണ്. ഫയൽ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും കെ.എസ്.ഇ.ബി എക്സിക്യൂട്ടീവ് എഞ്ചിനീയറും തമ്മിലുള്ള കരാർ പ്രകാരം (No. EEK/Rent/AB1/17-18 Dated. 30.06.2017) 01.04.2017 മുതൽ 3 വർഷത്തേക്ക് 5000/-രൂപ നിരക്കിലാണ് വാടകയ്ക്ക് നൽകിയിരുന്നത്. 30.03.2020-ന് കരാർ അവസാനിച്ചിട്ടും 13.03.2024 വരെ വാടക കരാർ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

വാടക നിരക്ക് പുതുക്കി നിശ്ചയിക്കുന്നതിനായി കെഎസ്ഇബി സ്ഥിതി ചെയ്യുന്ന 382/15 സർവ്വേ നമ്പരായുള്ള സ്ഥലത്തിന്റെ ലാന്റ് വാല്യൂ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി 9.11.2022-ലെ 400286/ AMDC01/GPO/2022/269(2) നമ്പർ കത്ത് പ്രകാരം കൊട്ടാരക്കര താലൂക്ക് ഓഫീസ് തഹസിൽദാരോട് ആവശ്യപ്പെട്ടുവെങ്കിലും ആയത് ലഭ്യമാകാത്തതിനാൽ 18.04.2023-ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിയുടെ 29.07.2023-ലെ 400286/DPDC01/ GPO/2023/4679(1) നമ്പർ കത്ത് പ്രകാരം വാടക നിരക്ക് 10000/-രൂപയായി നിശ്ചയിച്ച് കെഎസ്ഇബിയ്ക്ക് കത്ത് നൽകിയിരുന്നു. എന്നാൽ റെന്റ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ പുതുക്കിയ വാടക നൽകാൻ കഴിയുകയുള്ളൂ എന്നാണ് കെഎസ്ഇബി 09.06.2023-ലെ

എബി1/കെട്ടിട വാടക/2023-24/370 നമ്പർ കത്ത് പ്രകാരം അറിയിച്ചത്. തുടർന്ന് 19.07.2023-ൽ തഹസിൽദാരുടെ ലാന്റ് വാല്യൂ സർട്ടിഫിക്കറ്റ് (ഫെയർ വാല്യു 580800/-രൂപ) ലഭ്യമായതിനെത്തുടർന്ന് 05.08.2024-ലെ ഡി.ബി.2/1308/ജനറൽ/2024 നമ്പർ കത്ത് പ്രകാരം എൽ.ഐ.ഡി&ഇ.ഡബ്ലു ഡിവിഷൻ, ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയർ കെട്ടിടത്തിന്റെ വാടക നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ആയതു പ്രകാരമുള്ള വാടക 27144/-രൂപയാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 02.09.2024, 27.09.2024, 30.09.2024, 18.10.2024, 28.10.2024 തീയതികളിൽ 400286/RME102/GPO/2024/4404(1), (2), (3), (4), (5) നമ്പർ കത്തുകൾ പ്രകാരം എഗ്രിമെന്റ് പുതുക്കി വർദ്ധിപ്പിച്ച വാടക ഒടുക്കു വരുത്തുന്നതിന് കെഎസ്ഇബിയ്ക്ക് നിർദ്ദേശം നൽകിയെങ്കിലും, പുതുക്കി വർദ്ധിപ്പിച്ച വാടക ഒടുക്കു വരുത്തുന്നതിന് കെഎസ്ഇബി തയ്യാറായിട്ടില്ല. സൗകര്യങ്ങൾ കുറവുള്ള കെട്ടിടത്തിന് 27144/-രൂപ വാടക കൂടുതലാണെന്നും വാടക കുറച്ചു നൽകണമെന്നും കാണിച്ച് 20.03.2025 ലാണ് കെഎസ്ഇബി ഈ കത്തുകൾക്ക് മറുപടി നൽകിയിരിക്കുന്നത്. തുടർന്ന് 29.09.2025 ന് കെഎസ്ഇബി പ്രതിനിധികളും പങ്കെടുത്ത യോഗത്തിൽ, കെട്ടിടത്തിന്റെ അടിസ്ഥാനസൗകര്യവികസനത്തിന് ട്രസ് വർക്ക് ഉൾപ്പെടെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതായും കെഎസ്ഇബി കോമ്പൗണ്ടിനുള്ളിൽ പ്രവർത്തിക്കുന്ന MCF ൽ ശേഖരിക്കുന്ന മാലിന്യങ്ങൾ കാരണം സ്ഥല സൗകര്യക്കുറവും ഇഴജന്തുക്കളുടെ ശല്യമുണ്ടെന്നുള്ള പരാതി പരിഹരിക്കുന്നതിനായി MCF ന് മറ്റൊരു കെട്ടിടം വാടകയ്ക്ക് എടുത്തിട്ടുള്ളതായും പ്രസിഡണ്ട് അറിയിച്ചിട്ടുണ്ട്.

30.10.2025 ലെ എ.ബി/Rent/ചെങ്ങമനാട്/2025-26 നമ്പർ കത്ത് പ്രകാരം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകുന്ന പക്ഷം കെഎസ്ഇബിയ്ക്ക് നൽകാൻ കഴിയുന്ന വാടക 24900/-രൂപയാണെന്ന് കെഎസ്ഇബി അറിയിച്ചിട്ടുണ്ട്. ജനലുകളും വാതിലുകളും അറ്റകുറ്റ പണി നടത്തി ഉപയോഗപ്രദമാക്കണം, ഓഫീസ് പ്രവർത്തനത്തിനായി ഒരു അധികമുറി കൂടിചേർക്കണം, ശുചിമുറികൾ നവീകരിക്കണം, കെട്ടിടം അറ്റകുറ്റപണി നടത്തി പെയിന്റ് ചെയ്ത് നവീകരിക്കണം, മഴവെള്ളം ഓഫീസിനു മുമ്പിൽ കെട്ടി നിൽക്കാതെ ടൈൽസ് പാകി വൃത്തിയാക്കണം എന്നിവയാണ് കെഎസ്ഇബിയുടെ ആവശ്യങ്ങൾ. ഇതിൻമേൽ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ഇലക്ഷൻ വിജ്ഞാപനം വന്നതിനാൽ പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നടപടികളുടെ വിവരം കമ്മിറ്റിയിൽ അവതരിപ്പിക്കുവാൻ സാധിച്ചിട്ടില്ല എന്നാണ് മറുപടി നൽകിയിരിക്കുന്നത്. വാടക വർദ്ധനവ് ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുള്ള 2024 സെപ്റ്റംബർ മാസം മുതൽ ഓഡിറ്റ് നടന്ന കാലയളവ് വരെയും (2025 നവംബർ) 5000/-രൂപ വീതം തന്നെയാണ് കെഎസ്ഇബി വാടകയായി ഒടുക്കിയിട്ടുള്ളത്. കെഎസ്ഇബിയുടെ പരാതിയെതുടർന്ന് MCF നായി എടുത്തിരിക്കുന്ന കെട്ടിടത്തിന്റെ മാസവാടക 13437/-രൂപയാണ്. ഇത്തരത്തിൽ പഞ്ചായത്തിന് മാസം 13437/-രൂപയുടെ അധികചെലവ് ഉണ്ടാകുന്നുണ്ട്. ആയതിനാൽ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിശ്ചയിച്ച് നൽകിയിട്ടുള്ള വാടക (27144/-രൂപ) കെഎസ്ഇബി നിന്നും ഈടാക്കേണ്ടതും കെഎസ്ഇബി വാടക ഒടുക്കാൻ തയ്യാറാകാത്ത പക്ഷം പഞ്ചായത്തിന്റെ വരുമാന സ്രോതസ്സായിട്ടുള്ള കെട്ടിടം, നിശ്ചയിച്ച് നൽകിയിട്ടുള്ള വാടകനിരക്കിൽ മറ്റൊരാൾക്ക് വാടകയ്ക്ക് നൽകന്നതിനോ പഞ്ചായത്തിന്റെ അധിക ചെലവ് ഒഴിവാക്കാൻ MCF ഈ കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 9/13.11.2025

1-14 സ്വന്തമായി കെട്ടിടം ഉണ്ടായിരിക്കെ എംസിഎഫിന് കെട്ടിടം വാടകയ്ക്ക് എടുത്തു

ഗ്രാമപഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിൽ കെഎസ്ഇബി കൊമ്പൗണ്ടിനുള്ളിൽ പ്രവർത്തിക്കുന്ന MCF ൽ ശേഖരിക്കുന്ന മാലിന്യങ്ങൾ കാരണം സ്ഥല സൗകര്യക്കുറവും ഇഴജന്തുക്കളുടെ ശല്യവുമുണ്ടെന്നുള്ള പരാതി പരിഹരിക്കുന്നതിനായി MCF ന് മറ്റൊരു കെട്ടിടം വാടകയ്ക്ക് എടുത്തു. പഞ്ചായത്ത് ഭരണസമിതിയുടെ 24.05.2024 ലെ 3(15)-ാം നമ്പർ തീരുമാനം പ്രകാരം ശ്രീ. ശശിധരൻ നായർ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 7/102-ാം നമ്പർ കെട്ടിടമാണ് 4005/13.08.2024 നമ്പർ കരാർ പ്രകാരം 13437/-രൂപ മാസവാടകയ്ക്ക് എടുത്തിരിക്കുന്നത്. പ്രോജക്ട് നമ്പർ 219/25 പ്രകാരം 2024-25 വർഷം വാടകയ്ക്കായി ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ

ചേർക്കുന്നു.

ക്രമ നമ്പർ	സാങ്ഷൻ ഓർഡർ നമ്പർ/തീയതി	തുക(രൂപ)
1	330/20.09.2024	13437/-
2	348/16.10.2024	13437/-
3	391/18.11.2024	13437/-
4	507/18.01.2025	13437/-
5	549/17.02.2025	13437/-
6	671/17.03.2025	13437/-

ഖണ്ഡിക 1-13-ൽ പരാമർശിച്ച പ്രകാരം, വർദ്ധിപ്പിച്ച നിരക്കിൽ വാടക ഒടുക്കാൻ കെഎസ്ഇബി തയ്യാറാകാത്ത സാഹചര്യത്തിൽ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിൽ നിന്നും കെഎസ്ഇബിയെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാതെ MCF ന് പുതുതായി കെട്ടിടം വാടകയ്ക്ക് എടുത്തതിന്റെ സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, 783 ച.മീ വിസ്തീർണമുള്ള MCF കെട്ടിടത്തിൽ പ്ലാസിറ്റിക് മാലിന്യങ്ങൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനുള്ള മതിയായ സ്ഥലസൗകര്യമില്ലാത്തതുകൊണ്ടും കെഎസ്ഇബി തൽസ്ഥാനത്തു നിന്ന് മാറ്റുന്നതിന് നാട്ടുകാർക്കും പഞ്ചായത്ത് അംഗങ്ങൾക്കും എതിർപ്പുള്ളതു കൊണ്ടുമാണ് MCF ന് പുതുതായി കെട്ടിടം വാടകയ്ക്ക് എടുത്തതെന്നാണ് മറുപടിയിൽ അറിയിച്ചിട്ടുള്ളത്. മതിയായ സ്ഥലസൗകര്യമുള്ള ഈ കെട്ടിടം കണ്ടെത്തിയതിനാലാണ് മാലിന്യമുക്ത നവകേരളം ക്യാമ്പെയിൽ വിജയകരമായി നടപ്പിലാക്കാൻ കഴിഞ്ഞതെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

കെഎസ്ഇബിയിൽ നിന്ന് നിലവിൽ 5000/-രൂപ മാത്രമാണ് മാസവാടകയായി ലഭിക്കുന്നത്. MCFന്റെ വാടക ഇതിൽ കൂടുതലായ സാഹചര്യത്തിൽ കെഎസ്ഇബി വാടക കൂട്ടി നൽകാൻ തയ്യാറാകാത്ത പക്ഷം MCF ഈ കെട്ടിടത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 9/13.11.2025

1-15 മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിൽ സമയപരിധി പാലിക്കുന്നില്ല

1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങളിലെ ചട്ടം 26(8) പ്രകാരം യോഗ നടപടിക്രമങ്ങളുടെ നക്കൽ സെക്രട്ടറി തയ്യാറാക്കി യോഗം കഴിഞ്ഞ് മൂന്നു ദിവസത്തിനുള്ളിൽ അദ്ധ്യക്ഷന്റെ (പ്രസിഡന്റിന്റെ) അംഗീകാരത്തിന് സമർപ്പിക്കേണ്ടതാണ്. ചട്ടം 26(9) പ്രകാരം യോഗ നടപടിക്രമങ്ങളുടെ നക്കൽ അദ്ധ്യക്ഷന് ലഭിച്ച് 24 മണിക്കൂറിനുള്ളിൽ ആയത് പരിശോധിച്ച് വസ്തുതാപരമായി ആവശ്യമുള്ള തിരുത്തലുകൾ വരുത്തി സെക്രട്ടറിക്ക് തിരിച്ച് നല്കേണ്ടതും, ചട്ടം 26(10) പ്രകാരം അദ്ധ്യക്ഷൻ അംഗീകരിച്ച യോഗനടപടിക്കുറിപ്പ് ലഭിച്ചാലുടൻ തന്നെ അത് മിനിട്സ് ബുക്കിൽ രേഖപ്പെടുത്തി അദ്ധ്യക്ഷന്റെ ഒപ്പ് വാങ്ങേണ്ടതുമാണ്. എന്നാൽ ഭരണ സമിതിയോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ (സകർമ്മ മിനിട്ട്സ്) കരട് മിനിട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിൽ ചട്ട പ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ലെന്ന് കണ്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

യോഗ തീയതി	സെക്രട്ടറി അംഗീകാരത്തിനായി അയച്ച തീയതി	അദ്ധ്യക്ഷൻ അംഗീകരിച്ച തീയതി
24.5.24	05.08.24	05.08.24
05.08.24	02.10.24	02.10.24
27.01.25	19.02.25	19.02.25
24.02.25	16.03.25	16.03.25
12.03.25	25.04.25	25.04.25
29.03.25	12.05.25	12.05.25

മിനിട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിലെ കാലതാമസത്തിന് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഗ്രാമ

പഞ്ചായത്ത് യോഗ നടപടിക്രമങ്ങളുടെ കരട് മിനിട്ട്സ് സമയബന്ധിതമായി തയ്യാറാക്കി അദ്ധ്യക്ഷന്റെ അംഗീകാരം വാങ്ങുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 20/13.11.25

1-16 മഴക്കാല പൂർവ്വ ശുചീകരണം -അപാകതകൾ

പഞ്ചായത്തിലെ വിവിധ വാർഡുകളിലെ മഴക്കാല പൂർവ്വ ശുചീകരണത്തിനായി നൽകിയ തുകകളുടെ വിനിയോഗത്തിൽ ചുവടെ സൂചിപ്പിക്കുന്ന അപാകതകൾ കാണുന്നു.

1. ചെലവ് തുക ഒരു വർഷത്തിനു ശേഷം പിൻവലിച്ചിരിക്കുന്നു

വൗച്ചർ നമ്പർ 4240025/01.06.2024 പ്രകാരം 1,50,000/-രൂപ 15 വാർഡുകളിലെ മഴക്കാല പൂർവ്വ ശുചീകരണപ്രവർത്തനങ്ങൾക്കായി മെഡിക്കൽ ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. X, XI, XII, XIII വാർഡുകളിലെ ചെലവ് വൗച്ചറുകൾ പരിശോധിച്ചതിൽ 01.06.2024 ൽ നൽകിയ തുക 2025 ജനുവരി, നവംബർ മാസങ്ങളിലാണ് വാർഡ്തല സാനിറ്റേഷൻ കമ്മിറ്റിയുടെ അക്കൗണ്ടിൽ നിന്നും പിൻവലിച്ചിട്ടുള്ളത്. 2025 ജനുവരി, 2025 നവംബർ മാസങ്ങളിൽ 09/24, 10/24 മാസങ്ങളിൽ ചെയ്ത പ്രവൃത്തികളുടെ തുകയുടെ വൗച്ചറുകൾ പ്രകാരമുള്ള തുക പിൻവലിച്ചിരിക്കുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	**വാർഡ്**	**ചെക്ക് നമ്പർ/തീയതി**	**തുക (രൂപ)**
1	X	093965/03.11.2025	4600/-
2.	XI	093987/03.11.2025	5400/-
3	XII	094004/03.01.2025	6000/-

2. ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ഗ്രാമപഞ്ചായത്തിൽ തിരിച്ചടച്ചില്ല.

ചുവടെ സൂചിപ്പിക്കുന്ന വാർഡുകളിലെ മഴക്കാല പൂർവ്വ ശുചീകരണത്തിനായി നൽകിയ തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ ഗ്രാമപഞ്ചായത്തിലേക്ക് തിരിച്ചടച്ചിട്ടില്ല.

വാർഡ്	**തുക (രൂപ)**
I	500/-
III	390/-
IV	2310/-
VI	360/-
VII	280/-
XIII	3000/-
ആകെ	6840/-

മഴക്കാലം ആരംഭിക്കുന്നതിനു മുമ്പു തന്നെ ശുചീകരണപ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനു വേണ്ടിയാണ് തുകകൾ കൈമാറിയിട്ടുള്ളത്. പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കേണ്ടതും സാമ്പത്തിക വർഷാവസാനം ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ഗ്രാമപഞ്ചായത്തിലേക്ക് തിരികെ ഒടുക്കേണ്ടതുമാണ്. 2024-25 വർഷത്തേക്കുള്ള തുക 2024 ജൂൺ മാസം തന്നെ നൽകിയിട്ടുള്ളതാണ്. മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ചെലവ് തുകകൾ 1 വർഷത്തിനു ശേഷം പിൻവലിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ തിരികെ ഒടുക്കു വരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 19/13.11.2025

1-17 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുവാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

പ്രോജക്ട് നമ്പർ - S0010/25

നിർവഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, ഹോമിയോ

അടങ്കൽ തുക- 300000/-രൂപ

ബിൽ നമ്പർ - 240402520271011739 37/14.01.2025

2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഹോമിയോ ആശുപത്രികൾക്ക് മരുന്ന് വാങ്ങുന്നതിനായി PRF161/9.08.2024 ന്റെ അടിസ്ഥാനത്തിൽ 3,00,000/-രൂപ മെയിന്റനൻസ് ഫണ്ട് റോഡിതരത്തിൽ നിന്നും കേരളാ സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് നൽകിയിട്ടുണ്ട്. എന്നാൽ ഹോമിയോ ഡിസ്പെൻസറിയിലേക്കുള്ള 2,79,667/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഇൻവോയിസ് നമ്പർ/തീയതി	**ലഭ്യമായ മരുന്നിന്റെ വില(രൂപ)**
LF -3108/26.03.2025	161599/-
LF -350/05.06.2025	77293/-
LF -547/28.06.2025	40775/-
ആകെ	2,79,667/-

20333/-രൂപയുടെ (3,00,000-2,79,667) മരുന്ന് ലഭിക്കാനുണ്ട്. മരുന്നുകൾ ലഭ്യമാക്കുന്നതിന് ഡയറക്ടർ, ഹോംകോ, ആലപ്പുഴയ്ക്ക് 09.09.2025 ലെ 61/02D19/2025നം കത്ത് നൽകിയിട്ടുള്ളതായി കാണുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, ഹോംകോയുമായി ബന്ധപ്പെട്ടപ്പോൾ എത്രയും വേഗം മരുന്നകൾ എത്തിക്കാം എന്നാണ് അറിയിച്ചിട്ടുള്ളതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകുന്നതുവരെ ലഭിക്കാനുള്ള മരുന്നിന്റെ വിലയായ 20333/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 10/11.11.25

തടസ്സപ്പെടുത്തുന്ന തുക 20333/-രൂപ

1-18 പാലിയേറ്റീവ് കെയർ പ്രോജക്ട്-നിർവ്വഹണത്തിലെ അപാകതകൾ

മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പാലിയേറ്റീവ് കെയർ പദ്ധതി പരിശോധിച്ചതിൽ ഹോംകെയർ രജിസ്റ്റർ പരിപാലിക്കുന്നതിലും ചെലവുരേഖകളുടെ പരിപാലനത്തിലും അപാകതകൾ ഉള്ളതായി കണ്ടു. വിശദവിവരം ചുവടെ ചേർക്കുന്നു.

1. സർക്കാർ ഉത്തരവ് പ്രകാരം ചെലവനുവാദമുള്ള തുക പിൻവലിക്കുന്നതിന് വ്യാജബിൽ തയ്യാറാക്കി ഉപയോഗിച്ചു.

പാലിയേറ്റീവ് കെയർ പദ്ധതിക്കായി തൻവർഷം ചെലവഴിച്ച തുകയിൽ 46580/- രൂപ ഭക്ഷണചെലവിന് നല്കിയിട്ടുള്ളതാണ്. ഹോംകെയർ ദിനങ്ങളിൽ ഹോംകെയർ ടീമിന് പരമാവധി ആറുപേർക്ക് ആവശ്യമായി വരുന്ന ഭക്ഷണചെലവ്, ഒരാൾക്ക് ഒരു ദിവസം പരമാവധി 80/- രൂപ നിരക്കിൽ പ്രോജക്ടിൽ വകയിരുത്താവുന്നതും, പി.എം.സി തീരുമാനപ്രകാരം ചെലവഴിക്കുന്നതിനും അനുമതിയുണ്ട്. എന്നാൽ ഭക്ഷണ ചെലവ് രേഖകളായി ഹാജരാക്കിയിട്ടുള്ള അന്നാഹോട്ടൽ, കിഴക്കേത്തെരുവ് എന്ന സ്ഥാപനത്തിന്റെ സീരിയൽ നമ്പർ ഉൾപ്പെടെയുള്ള പ്രിന്റഡ് രസീത് പരിശോധിച്ചതിൽ ബില്ലിൽ നല്കിയിട്ടുള്ള ഫോൺ നമ്പർ ലിസി എന്ന മേലില ആശാവർക്കറുടേതാണെന്നും, അന്നാഹോട്ടൽ എന്ന പേരിൽ ഒരു ഹോട്ടൽ ഇല്ലെന്നും തുക നല്കി കൊണ്ടിരിക്കുന്ന അന്നാരാജൻ എന്ന വ്യക്തി (ഫോൺ നമ്പർ 9645567648, Bank Account No.0105053000022613 ,SIB) ഹോട്ടൽ നടത്തുന്നില്ലെന്നും, ഡൽഹിയിൽ ജോലി ചെയ്യുകയാണെന്നും ഫോൺ മുഖേന അന്വേഷിച്ചതിൽ ബോധ്യപ്പെട്ടു. ഭക്ഷണചെലവിനത്തിൽ തുക നല്കുന്നതിന് സർക്കാർ അനുമതി ഉണ്ടായിരിക്കെ ഹോട്ടലിന്റെ പ്രിന്റഡ് ബിൽ കൃത്രിമമായി നിർമ്മിച്ച് തുക പിൻവലിച്ചതിന്റെ കാരണം വ്യക്തമാക്കണമെന്നറിയിച്ചു നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പാലിയേറ്റീവ് നഴ്സ് ഹാജരാക്കുന്ന ബിൽ കൃത്രിമമാണെന്ന്

അറിവില്ലാത്തതിനാലാണ് തുക അനുവദിച്ചു നല്കിയതെന്നും തുടർന്ന് ഇത്തരം വീഴ്ചകൾ ആവർത്തിക്കില്ലെന്നും മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭക്ഷണം വാങ്ങുന്നതിന്റെ ബിൽ നല്കിയാലേ ട്രഷറിയിൽ നിന്നും തുക പിൻവലിക്കാൻ കഴിയൂ എന്നറിയിച്ചതിനാലാണ് മേൽ പ്രകാരം ബിൽ തയ്യാറാക്കിയതെന്നും അപാകത ആവർത്തിക്കില്ലെന്നും പാലിയേറ്റീവ് നഴ്സും ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. മേൽ വിധത്തിലുള്ള അപാകതകൾ ആവർത്തിക്കാതെ സൂക്ഷിക്കേണ്ടതാണ്.

2. ഹോംകെയർ രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകതകൾ

ആഴ്ചയിൽ ഒരു പ്രാവശ്യം ഹോംകെയർ റിപ്പോർട്ട് ബുക്ക് കമ്മ്യൂണിറ്റി നഴ്സ്, മെഡിക്കൽ ഓഫീസർക്ക് സമർപ്പിച്ച് ഹോംകെയറിന്റെ ഭാഗമായി രോഗികൾക്ക് ലഭ്യമാക്കിയ സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിച്ച് സാക്ഷ്യപ്പെടുത്തി വാങ്ങണമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും കൃത്യമായി പാലിക്കുന്നില്ല. പാലിയേറ്റീവ് രോഗികളുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യത്തിൽ പാലിയേറ്റീവ് നഴ്സുമാരുടെ ഫീൽഡ് സർവ്വീസ് മാസത്തിൽ 20 ദിവസമെങ്കിലും ലഭ്യമാക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. നിലവിൽ 130 പാലിയേറ്റീവ് രോഗികൾക്കാണ് ഹോംകെയർ നല്കി വരുന്നത്. ആഴ്ചയിൽ നാലു ദിവസമെങ്കിലും രാവിലെ 9.30 മുതൽ വൈകിട്ട് 4.30 വരെ ഏകദേശം 8 രോഗികളെ കാണാനാവുന്ന വിധത്തിൽ ഹോംകെയർ സന്ദർശനങ്ങൾ ക്രമപ്പെടുത്തണമെന്നും മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഹോംകെയർ പരിശോധിച്ചതിൽ ഭൂരിഭാഗം ദിവസങ്ങളിലും 5 അല്ലെങ്കിൽ 6 ഹോംകെയർ എന്ന രീതിയിലാണ് നടന്നിട്ടുള്ളത്. ആദ്യ മാസങ്ങളിലെ വിവരം ചുവടെ ചേർക്കുന്നു.

തീയതി	**ഹോംകെയറുകളുടെ എണ്ണം**
23-4-24	5
25-4-24	5
27-4-24	5
25-5-24	5
28-5-24	5
31-5-24	5
10-6-24	5
15-6-24	4
18-6-24	5
28-6-24	5
29-6-24	4
18-7-24	5

കൂടാതെ രജിസ്റ്ററിലെ തീയതികളിലും തിരുത്തൽ വരുത്തിയിരിക്കുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

18-7-24 മുതൽ 24-7-24 വരെ, 12-8-24 മുതൽ 30-8-24 വരെ തീയതികൾ പൂർണ്ണമായി തിരുത്തിയിരിക്കുന്നു. ഹോം കെയർ ഉള്ള ദിവസങ്ങളിലെല്ലാം വാഹന വാടകയിനത്തിൽ കരാറുകാരന് 1000/- രൂപ വീതം നല്കേണ്ടതിനാൽ ഹോംകെയർ നടത്തിയ തീയതികളിൽ തിരുത്തൽ വന്നതിനെ ഗൗരവതരമായി വീക്ഷിക്കുന്നു. തിരുത്തലുകൾ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

തൻവർഷം ഓരോ മാസങ്ങളിലും നടന്ന ഹോംകെയറുകളുടെ വിവരം ചുവടെ ചേർക്കുന്നു.

മാസം	**ഹോംകെയറുകളുടെ എണ്ണം**	**തൻവർഷം വാഹന വാടകയിനത്തിൽ നല്കിയ തുക(രൂപ)**
4/24	20	20000/-
5/24	20	20000/-
6/24	19	19000/-

7/24	20	20000/-
8/24	20	20000/-
9/24	19	19000/-
10/24	20	20000/-
11/24	20	20000/-
12/24	20	20000/-
1/25	20	20000/-
2/25	19	19000/-
3/25	17	17000/-

തീയതികളിൽ തിരുത്തൽ വന്നതിനും, ഹോം വിസിറ്റിന്റെ (ദിവസേനയുള്ള) എണ്ണം കുറഞ്ഞതിനും വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് എൻക്വയറി നമ്പർ 15/13.11.25

1-19 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ സൂചിപ്പിക്കുന്ന പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.

1. പ്രോജക്ട് നമ്പർ 223/25-മൊബൈൽ മാലിന്യസംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിന് ജില്ലാപഞ്ചായത്തിന് വിഹിതം നല്കൽ. തുക 100000/- സ്വച്ഛ്ഭാരത് മിഷൻ ഫണ്ട്, ബിൽ നമ്പർ - 44/28-3-25.
2. പ്രോജക്ട് നമ്പർ 220/25- ABC പദ്ധതി ജില്ലാപഞ്ചായത്തിന് വിഹിതം നല്കൽ. തുക 100000/- തനത് ഫണ്ട്, എ.സി.ആർ. ബിൽ നമ്പർ - 249/18-12-24

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ ചെലവഴിച്ച 2,00,000/- തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ- 16/13-11-25

തടസ്സപ്പെടുത്തുന്ന തുക- 2,00,000/-രൂപ

1-20 പകർച്ച വ്യാധി പ്രതിരോധം-ബോധവൽക്കരണ ബോർഡുകൾ സ്ഥാപിക്കുന്നതിന് മാത്രമായി തുക ചെലവഴിച്ചു

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പ്രോജക്ട് നമ്പർ 252/25-പകർച്ചവ്യാധി പ്രതിരോധം (അടങ്കൽ തുക-തനത് ഫണ്ട് -25000/-രൂപ, ACR ബിൽ നം402/7-3-25) എന്ന പദ്ധതി പരിശോധിച്ചതിൽ ഫ്ലക്സ് ബോർഡുകൾ പ്രിന്റ് ചെയ്യുന്നതിനാണ് പദ്ധതി പ്രകാരമുള്ള 25000/- രൂപയും ചെലവഴിച്ചിരിക്കുന്നതെന്ന് ബോധ്യപ്പെട്ടു. രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കായി പ്രോജക്ട് ഏറ്റെടുക്കാമെന്നും ബോധവൽക്കരണപരിപാടികൾ, സർവ്വേകൾ, മറ്റ് വിവരശേഖരണം എന്നിവയ്ക്ക് മാത്രമായി പ്രോജക്ട് നടപ്പിലാക്കരുതെന്നും, മറ്റൊരു പ്രോജക്ടിന്റെ അനിവാര്യഘടകമാണെങ്കിൽ മാത്രം ഇവ ഏറ്റെടുക്കാവുന്നതാണെന്നും പദ്ധതിമാർഗ്ഗരേഖ (Go(Ms)no. 84/22 LSGD Dated 19-4-22 Para 8-7-2-3) യിൽ വ്യക്തമാക്കിയിട്ടുണ്ട്. അനുവദനീയമല്ലാത്ത ഇനങ്ങൾക്ക് മേൽപ്രകാരം തുക ചെലവഴിക്കാനുള്ള കാരണവും ഫ്ലക്സ് ബോർഡുകൾ എന്തിനെ സംബന്ധിച്ചുള്ളതായിരുന്നുവെന്നും, എവിടെ സ്ഥാപിച്ചുവെന്നും വ്യക്തമാക്കണമെന്നറിയിച്ചു നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പകർച്ചവ്യാധി പ്രതിരോധത്തിന്റെ ഭാഗമായി ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് പകർച്ചവ്യാധിപ്രതിരോധ ബോധവൽക്കരണ ബോർഡുകൾ പി.എച്ച്.സി, സബ്സെന്റർ എന്നിവിടങ്ങളിൽ സ്ഥാപിച്ചു എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പദ്ധതി തുക ഉപയോഗിച്ച് ബോധവൽക്കരണ ബോർഡുകൾ സ്ഥാപിക്കുന്നതിന് അനുമതിയില്ലാത്തതിനാൽ 25000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കി ഒടുക്കു വരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

എൻക്വയറി നമ്പർ നം. 15 /13-11-25

തടസ്സപ്പെടുത്തുന്ന തുക 25000/-രൂപ

1-21 തെരുവുവിളക്കു മെയിന്റനൻസ് പ്രവൃത്തികൾ-നടപടിക്രമങ്ങൾ പാലിക്കുന്നില്ല

1. ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്ക് പരിപാലന പദ്ധതിയിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച 15-9-2011-ലെ 3055/ എ.3/2011 തസ്വഭവ നമ്പർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളോ പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015-ലെ ജി 244274/2015-ാം നമ്പർ നടപടിക്രമങ്ങളോ പാലിച്ചിട്ടില്ല.

2. തെരുവുവിളക്കുകളുടെ ഇനം തിരിച്ചുള്ള വിവരം കെ.എസ്.ഇ.ബി. അധികൃതരും തദ്ദേശസ്വയംഭരണാധികാരികളും സംയുക്ത പരിശോധന നടത്തി പോസ്റ്റ് നമ്പർ സഹിതം രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പരാതി രേഖപ്പെടുത്തുന്നതിനായി കോണ്ടാക്ട് നമ്പറുകൾ പരസ്യപ്പെടുത്തേണ്ടതും തെരുവുവിളക്കുകളുടെ സ്ഥാപിക്കൽ, പരിപാലനം എന്നിവ സംബന്ധിച്ച രജിസ്റ്റർ കരാറുകാരൻ തയ്യാറാക്കി സൂക്ഷിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും പരാതി രജിസ്റ്റർ ഹാജരാക്കിയില്ല. നിലാവ് പദ്ധതിക്കായി കൈമാറിയ തെരുവ് വിളക്കുകളുടെ എണ്ണമോ, ഏതൊക്കെ പോസ്റ്റുകളിലാണ് പഞ്ചായത്ത് മെയിന്റനൻസ് നടത്തുന്നത് എന്നതിന്റെ രേഖകളോ ഹാജരാക്കിയിട്ടില്ല.

3. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവുവിളക്കുകളുടെ വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കേണ്ടതും ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ എണ്ണം തെരുവുവിളക്കുകൾ റിസർവ് ആയി കരുതാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല. ഉപകരണങ്ങൾ വാങ്ങുമ്പോൾ ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും, പോസ്റ്റുകളിൽ നിന്ന് അഴിച്ചു മാറ്റുന്ന കേടായ സാധനങ്ങൾ അതാത് ദിവസം തിരികെ കൊണ്ട് വന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും സാമ്പത്തിക വർഷാവസാനം ഇപ്രകാരമുള്ള സ്റ്റോക്ക് ഇൻ രജിസ്റ്ററും സ്റ്റോക്ക് ഔട്ട് രജിസ്റ്ററും പൊരുത്തപ്പെടുന്നുവെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണെന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.

മേൽ സൂചിപ്പിച്ച ഉത്തരവുകൾ പാലിച്ചു തെരുവുവിളക്കു പരിപാലനം നടപ്പിലാക്കേണ്ടതും, രേഖകൾ സൂക്ഷിക്കേണ്ടതുമാണ്.

1-22 ലൈഫ് ഭവന പദ്ധതി - വിവിധ ഫണ്ടുകളിലെ ചെലവുകളിൽ അപാകതകൾ

1. **സംസ്ഥാനാവിഷ്കൃത ഫണ്ട് ലഭ്യമായിട്ടുള്ളതിനെക്കാൾ കൂടുതൽ വകയിരുത്തി ചെലവഴിച്ചു**
2024-25 വർഷം ലൈഫ് ഭവന പദ്ധതിയ്ക്കായി ലഭ്യമായിട്ടുള്ളതിനെക്കാൾ കൂടുതൽ തുക വകയിരുത്തി ചെലവഴിച്ചു.

2024-25 ലെ സംസ്ഥാനാവിഷ്കൃത ഫണ്ടിൽ മുൻബാക്കിയായി 23,90,000/-രൂപയാണ് ഉണ്ടായിരുന്നത്. തൻവർഷം സംസ്ഥാനാവിഷ്കൃതഫണ്ട് തുകകൾ ലഭിച്ചിട്ടില്ല. എന്നാൽ 2024-25 വർഷം ലൈഫ് ഭവന പദ്ധതിയ്ക്കായി 27,50,000/-രൂപ വകയിരുത്തി ചെലവഴിച്ചു. 27,50,000/-രൂപ വകയിരുത്തിയതിൽ 25,50,000/-രൂപ ചെക്ക് നൽകിയതിലെ പിശക് കാരണം ഹഡ്കോ ലോൺ അക്കൗണ്ടിൽ നിന്നാണ് ചെലവഴിച്ചത്.

ലൈഫ് ഭവനപദ്ധതിയിൽ ഹഡ്കോ ലോൺ അക്കൗണ്ടിൽ നിന്ന് തെറ്റായി ചെലവഴിച്ച 25,50,000/-രൂപ 06.09.2025-ൽ സംസ്ഥാനാവിഷ്കൃത ഫണ്ട് ക്രെഡിറ്റ് ചെയ്യുന്ന തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും ഹഡ്കോ ലോൺ അക്കൗണ്ടിലേക്ക് റീകൂപ്പ് ചെയ്തിട്ടുണ്ട്. എന്നാൽ തനത് ഫണ്ട് അക്കൗണ്ടിൽ സംസ്ഥാനാവിഷ്കൃതഫണ്ട് ഇനത്തിൽ അവശേഷിക്കുന്ന തുക 23,90,000/-രൂപ മാത്രമായിരുന്നു. അധികമായി ചെലവഴിച്ച 3,60,000/-രൂപ സംസ്ഥാനാവിഷ്കൃത ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തനത് ഫണ്ടിലേക്ക് റീകൂപ്പ് ചെയ്യേണ്ടതാണ്.

2. ഹഡ്കോ ലോണിൽ നിന്നും ചെലവഴിക്കേണ്ട തുക തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിരിക്കുന്നു
ലൈഫ് ഭവനപദ്ധതി (ജനറൽ) യിൽ ഹഡ്കോ ലോണിൽ നിന്നും ചെലവഴിക്കേണ്ട 57254/-രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിരിക്കുന്നു. Saction Order 281/16.08.2024 പ്രകാരം ഹഡ്കോ ലോണിൽ

നിന്നും 57254/-രൂപ ചെലവഴിക്കുന്നതിനായി വി.ഇ.ഒ തയ്യാറാക്കി നൽകിയ ബിൽ പ്രകാരമുള്ള തുക തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും ചെക്ക് നമ്പർ 912352/24.08.24 പ്രകാരമാണ് ചെലവ് നടത്തിയിരിക്കുന്നത്. ആയതിനാൽ സുലേഖ ചെലവും ബാങ്ക് അക്കൗണ്ട് ചെലവും തമ്മിൽ 57254/-രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 57254/-രൂപ ഹഡ്കോ ലോൺ അക്കൗണ്ടിൽ നിന്നും തനത് ഫണ്ടിലേക്ക് റീകൂപ്പ് ചെയ്യേണ്ടതാണ്.

1-23 ലൈഫ് ഭവന പദ്ധതി- ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ചില്ല

ലൈഫ് ഭവനപദ്ധതി പ്രകാരം ആദ്യ ഗഡു കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല. വിശദാംശം ചുവടെചേർക്കുന്നു.

ക്രമ നം.	പ്രോജക്ട് നമ്പർ	ഗുണഭോക്താവ്	കൈപ്പറ്റിയ തുക (₹), ചെക്ക് നമ്പർ/ തീയതി
1	192/24 (SO)	ശ്രീമതി രമ പുത്തൻവിള പടിഞ്ഞാറ്റതിൽ, വാർഡ്-7	40,000/-, ബിൽ നമ്പർ -141/5-9-23
2	13/24	ശ്രീമതി സരസ്വതി അമ്മ ശ്രീവിലാസം, ചെങ്ങമനാട് സൌത്ത്	40,000/-, ബിൽനമ്പർ-24040252024900729938/ 01.10.2024

മേൽ പരാമർശിച്ച ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം അനുവദിച്ച തുക നിയമപ്രകാരമുള്ള നടപടികളിലൂടെ പലിശ സഹിതം ഈടാക്കേണ്ടതാണ്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ - 13/12.11.25

1-24 കാലി ബാരൽ വില ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കാതെ തനത് ഫണ്ടിൽ ഒടുക്കി

ടാർ വാങ്ങുന്നതിന് തുക ഏത് ഫണ്ടിൽ നിന്നാണോ ചെലവായത് ആ ഫണ്ടിലേക്ക് കാലി ബാരലിന്റെ വില അടവാക്കേണ്ടതിന് പകരം തനത് ഫണ്ടിലേക്ക് ഒടുക്കി. ധനകാര്യ വകുപ്പിന്റെ 03.10.2024 ലെ Insp Tech/1/512/2024 Fin. നമ്പർ നോട്ട് പ്രകാരം ടാർ വാങ്ങുന്നതിന് തുക ഏത് ഫണ്ടിൽ നിന്നാണോ ചെലവായത് ആ ഫണ്ടിലേക്ക് കാലി ബാരലിന്റെ വില അടവാക്കേണ്ടതാണ്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പ്രോജക്ടുകളിൽ നിന്നും ഈടാക്കിയ കാലി ബാരലിന്റെ വില പഞ്ചായത്തിന്റെ തനത് ഫണ്ടിലാണ് (LGTSB Account) അടവാക്കിയിട്ടുള്ളത്. 2024-2025 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെപ്പറയുന്ന റോഡ് ടാറിംഗ് പ്രോജക്ടുകളിലാണ് കാലി ബാരലിന്റെ വില തനത് ഫണ്ടിൽ ഒടുക്കിയത്.

ക്രമ നമ്പർ	പ്രോജക്ടിന്റെ പേര്	അടങ്കൽ,ഫണ്ട്	ബിൽ നമ്പർ/ ചെലവ് തുക (രൂപ)	കാലി ബാരൽ എണ്ണം/ വില (രൂപ)	കാലി ബാരൽ വില സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് അടവാക്കിയത് ബാരൽ വില + ജിഎസ്ടി(രൂപ)
1.	ചാലുവിള കണിയാംകുഴി ആട്ടറഭാഗം കമുകംകോട് ഏലാ റോഡ് എസ്ഒ 179/25 എംബുക്ക് നമ്പർ -41343	മെയിന്റനൻസ് ഫണ്ട് റോഡ് -12570000/-	21/06.07.24-1247236/-	22 6182/-	6182/-
2.	കുമ്പിക്കോട് ചപ്പാത്ത് ഭാഗം റോഡ് 264/24,എസ്ഒ 124/25	മെയിന്റനൻസ് ഫണ്ട് റോഡ് 658497/-	16/02.07.24- 658018/-	14 3934/-	3934/-

	എംബുക്ക് നമ്പർ -119553/23				
3.	ചെങ്ങമനാട് തരകൻസ് ഓഡിറ്റോറിയം മാറനാട് ഭാഗം എസ്ഒ106/25 എംബുക്ക് നമ്പർ -92448/2024	മെയിന്റനൻസ് ഫണ്ട് റോഡ് 400000/-	57/30.03.25- 384979/-	9 2529/-	2529/-
4.	കുമ്പിക്കോട് ചപ്പാത്ത് ഭാഗം റോഡ് എസ്ഒ 104/25 എംബുക്ക് നമ്പർ -62774/2024	മെയിന്റനൻസ് ഫണ്ട് റോഡ് 490000/-	51/12.03.25- 478439/-	8 2248/-	2248/-
5.	അന്നൂർ കണിയാങ്കുഴി റോഡ് റീടാറിംഗ് വാർഡ് – 8 SO122/25	മെയിന്റനൻസ് ഫണ്ട് റോഡ്-907380/-	01/21.5.24-300539/- 15/20.07.24-64261/-	33 9273/-	9273/-
6.	നരിക്കുഴി മൈലാടുംപാറ ചേത്തടി റോഡ് S0067/25	മെയിന്റനൻസ് ഫണ്ട് റോഡ്-747883/-	56/30.03.25-736100/-	37 10197/-	10197/-
7.	പാറേമുക്ക് കുരിശ്ശുടി റോഡ് മെയിന്റനൻസ് വാർഡ് – 14 SO163/25-	മെയിന്റനൻസ് ഫണ്ട് റോഡ്-1000000/-	35/24.10.24-22601/- 44/10.2.25-758646/-	34 9554/-	9554/-
8.	എൻഎച്ച്208 ജമ്യംകോഡ് ചരുവിള ഭാഗം റോഡ് റീടാറിംഗ് & ഐറിഷ് കോൺക്രീറ്റ് വാർഡ് –13 SO181/25	മെയിന്റനൻസ് ഫണ്ട് റോഡ്-977000/-	19/06.07.24-976209/-	11 3091/-	3091/-
7.	ചെങ്ങമനാട് വില്ലൂർ റോഡ് മെയിന്റനൻസ് വാർഡ് – 9 SO193/25	മെയിന്റനൻസ് ഫണ്ട് റോഡ്-8000000/-	26/06.09.24-402509/- 43/10.2.25-387663/-	17 4777/-	4777/-
8.	ചേത്തടി പരുവക്കുഴി റോഡ് മെയിന്റനൻസ് SO165/25	മെയിന്റനൻസ് ഫണ്ട് റോഡ് -745000/-	20/06.07.24-744519/-	12 3372/-	3372/-
9.	അടൂർമുക്ക് ലോവർകരിക്കം റോഡ് മെയിന്റനൻസ് SO167/25	മെയിന്റനൻസ് ഫണ്ട് റോഡ്-700000/-	17/29.6.24-699211/-	11 3091/-	3091/-
10	പണ്ടകശാല റോഡ് റീടാറിംഗ് & ഐറിഷ് കോൺക്രീറ്റ് വാർഡ് -15 SO199/25	മെയിന്റനൻസ് ഫണ്ട് റോഡ്--634607/-	50/11.3.25-634606/-	21 6463/-	6463/-
11.	കുറ്റിയിൽഭാഗം സിഎസ്ഐ സെമിത്തേരി റോഡ് മെയിന്റനൻസ് SO203/25	മെയിന്റനൻസ് ഫണ്ട് റോഡ്-450000/-	47/24.02.25-410585/-	15 4215/-	4215/-

12.	മൂന്ന് മുക്ക് സെന്റ് ജോർജ് താഴെവിള റോഡ് ഭാഗം അംഗനവാടി റോഡ് മെയിന്റനൻസ് – വാർഡ് -1 SO198/25	മെയിന്റനൻസ് ഫണ്ട് റോഡ്-546342/-	52/14.03.25-496511/-	12 3372/-	3372/-

പഞ്ചായത്ത് ഫണ്ടിൽ നിന്നും ഈ തുക ബന്ധപ്പെട്ട ഫണ്ടിലേക്ക് തിരികെ അടവാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ രേഖകൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്, കാലി ബാരലിന്റെ വില തനത് ഫണ്ടിൽ ഒടുക്കിയത് ബന്ധപ്പെട്ട ഫണ്ടിലേക്ക് ഒടുക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കാലി ബാരലിന്റെ ജി.എസ്.ടി കിഴിച്ചുള്ള വില തനത് ഫണ്ടിൽ ഒടുക്കിയത് ബന്ധപ്പെട്ട ഫണ്ടിലേക്ക് തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 14/13.11.2025

1-25 ആസ്തികൾ സംരക്ഷിക്കുന്നില്ല

പി.എച്ച്.സി മെയിന്റനൻസ് പ്രവൃത്തിയിൽ ഇന്റർലോക്ക് ഇട്ടഭാഗം തുടർ പരിപാലനമില്ലാത്തതിനാൽ കാടുമൂടി ഉപയോഗയോഗ്യമല്ലാത്ത നിലയിലാണ്.

പദ്ധതിയുടെ പേര്	പിഎച്ച്സി മെയിന്റനൻസ്, എസ്ഒ 188/25
അടങ്കൽ	മെയിന്റനൻസ് ഗ്രാന്റ് റോഡിതരം – 2,00,000/- രൂപ
ചെലവ്	177288/- രൂപ, ബിൽ നമ്പർ – 45/11.02.2025

2024-25 സാമ്പത്തിക വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പി.എച്ച്.സി മെയിന്റനൻസ് പ്രവൃത്തിയിൽ ആയുഷ്മാൻ ഭാരത് ഹെൽത്ത് ആന്റ് വെൽനസ്സ് സെന്റർ ജനകീയ ആരോഗ്യകേന്ദ്രത്തിന്റെ പാർക്കിംഗ് ഏരിയയിലും, ടോയിലറ്റിന്റെ സമീപവുമായി 120.96എം2 ഇന്റർലോക്ക് വിരിക്കൽ, പഴയ ഇന്റർലോക്ക് 15.84എം2 ഇളക്കി വിരിക്കൽ, പഴയ ടോയ്ലറ്റ് ബ്ലോക്ക് 7.2 എം2 പൊളിച്ച് മാറ്റൽ, ഇന്റർലോക്കിന്റെ വശങ്ങൾ കോൺക്രീറ്റ് ചെയ്യൽ, വരാന്ത കോൺക്രീറ്റ് ചെയ്യൽ എന്നീ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. 13.11.2025 ന് നടത്തിയ സ്ഥല പരിശോധനയിൽ ടോയിലറ്റിന്റെ ഭാഗം 27.85എം2 ഏരിയയും, കെട്ടിടത്തിന്റെ മുറ്റം 2025-26 സാമ്പത്തിക വർഷം ഇന്റർലോക്ക് ചെയ്തതുൾപ്പെടെയുള്ളത് കാടുമൂടിയ നിലയിലാണ്. കെട്ടിടവും ടോയിലറ്റും ഉപയോഗിക്കുന്നില്ലെന്നും കണ്ടു. നിലവിൽ ഉപയോഗിക്കുകയും സംരക്ഷിക്കുകയും ചെയ്യാത്ത സ്ഥലത്ത് 2025-26 വർഷവും ഇന്റർലോക്ക് ചെയ്തത് പദ്ധതിത്തുകയുടെ ദുർവിനിയോഗമാണ്.







1994-ലെ പഞ്ചായത്ത് രാജ്ആക്ട് മൂന്നാം പട്ടിക 166 -ാം വകുപ്പ് ഒന്നാം ഉപവകുപ്പ് പ്രകാരം പരിസ്ഥിതി ആരോഗ്യരക്ഷകമാക്കി പരിരക്ഷിക്കുക, സാംക്രമിക രോഗവാഹികളെ നിയന്ത്രിക്കുക, റോഡുകളും മറ്റു പൊതുമുതലുകളും സംരക്ഷിക്കുക എന്നിവ ഗ്രാമ പഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളിലും, പൊതുജനാരോഗ്യവും ശുചീകരണവും, ശുചീകരണ പ്രവർത്തനങ്ങൾ നടപ്പാക്കുക എന്നിവ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിലും ഉൾപ്പെടുന്നതാണ്.

പതിനാലാം പഞ്ചവത്സര പദ്ധതി ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗരേഖ സ.ഉ.(കൈ) നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 3-5-6 എ യിൽ ഗ്രാമപഞ്ചായത്തുകൾ പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായുള്ള സംയോജന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണെന്നും, പ്രകൃതിവിഭവ പരിപാലനം, കൃഷി, മൃഗസംരക്ഷണം, മത്സ്യ വികസനം, ഭവന നിർമ്മാണം, ശുചിത്വ പരിപാലനം, മാലിന്യ സംസ്ക്കരണം സൂക്ഷ്മ സംരംഭക വികസനം, വിപണനം ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനം മുതലായ വിവിധ മേഖലകളിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണെന്നും നിർദ്ദേശമുണ്ട്. ഈ സാധ്യതകൾ പ്രയോജനപ്പെടുത്തി പിഎച്ച്സിയും പരിസരവും വൃത്തിയാക്കി സൂക്ഷിക്കുന്നതിന് തുടർ പ്രവർത്തനങ്ങൾ നടത്താത്തതിനാൽ ഇഴജന്തുക്കൾ ഉൾപ്പെടെയുള്ള ജീവികളുടെ ആവാസകേന്ദ്രമായി പൊതുജനാരോഗ്യത്തിന് ഭീഷണിയാകുന്ന അവസ്ഥയിലാണ് ആരോഗ്യസ്ഥാപനത്തിലെ ആയുഷ്മാൻ ഭാരത് ഹെൽത്ത് ആന്റ് വെൽനസ്സ് സെന്റർ കെട്ടിടം. ആസ്തി സംരക്ഷിക്കുന്നതിലെ അലംഭാവം മൂലം പിഎച്ച്സി കെട്ടിടം വൃത്തിയായി സൂക്ഷിക്കുക എന്ന ലക്ഷ്യത്തോടെ ചെയ്ത പ്രവൃത്തി പാഴ് ചെലവായി മാറി.
പിഎച്ച്സിയും അനുബന്ധ കെട്ടിടങ്ങളും വൃത്തിയായി സൂക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-26 ജൽജീവൻമിഷൻ അവലോകനം

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സാങ്കേതിക സഹായത്തോടുകൂടി ജനപങ്കാളിത്തം ഉറപ്പാക്കികൊണ്ട് 2024 ആകുമ്പോഴേക്കും ഇന്ത്യയിലെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും ശുദ്ധമായ കുടിവെള്ളം ആവശ്യാനുസരണം പ്രവർത്തനക്ഷമമായ ടാപ്പിലൂടെ ലഭ്യമാക്കുക എന്നുള്ള ദൗത്യമാണ് ജൽജീവൻ മിഷന്റേത്. ഈ പദ്ധതിക്ക് ആവശ്യമായ സാമ്പത്തിക സംവിധാനം 50% കേന്ദ്ര സർക്കാരും 25% സംസ്ഥാന സർക്കാരം 15% തദ്ദേശ സർക്കാരും (ഗ്രാമ പഞ്ചായത്ത്) 10% ഗുണഭോക്താവും എന്ന നിലയിലാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്തുകളിൽ ജൽജീവൻ മിഷൻ നടപ്പിലാക്കിയ പദ്ധതിയിൽ കുടിവെള്ളം വീട്ടുമുറ്റത്ത് എത്തിക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകിയത് നിർവ്വഹണ ഏജൻസിയായ കേരള വാട്ടർ അതോറിറ്റി ആണ്. ജൽജീവൻ മിഷൻ പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് വിഹിതം ഫണ്ടിന്റെ ലഭ്യതക്കുറവ് മൂലം നാളിതുവരെ നൽകിയിട്ടില്ല. ഗുണഭോക്തൃ വിഹിതം ഈടാക്കിയിട്ടില്ല. എം.എൽ.എ ഫണ്ടിൽ നിന്നും ജൽജീവൻമിഷനായി തുകയൊന്നും ലഭിച്ചിട്ടില്ല. റോഡ് കട്ടിംഗ് റീസ്റ്റോറേഷൻ തുക വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമായിട്ടില്ല.

1-27 ഹെൽത്ത് ഗ്രാൻറ് അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം സംസ്ഥാനങ്ങളുടെ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൌകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 2021-22 സാമ്പത്തിക വർഷം മുതൽ ഹെൽത്ത് ഗ്രാന്റ് അനുവദിച്ചുവരുന്നു. 2025-2026 കാലയളവ് വരെയാണ് ഇപ്രകാരം ഹെൽത്ത് ഗ്രാന്റ് അനുവദിക്കുന്നത്. ഗ്രാമപഞ്ചായത്തിന് 2021-22 മുതൽ 2024-25 വരെ സാമ്പത്തിക വർഷങ്ങളിലായി ലഭിച്ചതും ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	ലഭിച്ച ഹെൽത്ത്ഗ്രാന്റ്				ആകെ	ചെലവഴിച്ച ഹെൽത്ത് ഗ്രാന്റ്				ആകെ	നീക്കിയിരിപ്പ്
	2021-22	2022-23	2023-24	2024-25		2021-22	2022-23	2023-24	2024-25		
Support For Diagnostic Infrastructure		182676.	844916/-	359161/-	1386753/-	0	179657/-	842718/-.	0/-	1022375/-	*364378*/-

Grant For Rural Health & Wellness Centres	0	55992	414980	570808/-	1041780/-	0	55200/-	345797/-	61578/-	462575/-	579205/-
Construction Of Building To Health Sub Centres	0	0	2797654	98609/-		0	0	0	0	2896263/-	2896263/-
ആകെ		238668/-	4057550/-	1028578/-	5324796/-		234857/-	1188515/-	61578/-	1484950/-	3839846/-

Support For Diagnostic Infrastructure എന്ന ഇനത്തിൽ ലഭിച്ച ഗ്രാന്റ് ഉപയോഗിച്ച് സ്കീം-3 പ്രകാരമുള്ള പ്രവർത്തനങ്ങൾക്കായി നാളിതു വരെ ചെലവഴിച്ച തുകകളുടെ വിവരംചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഇനം	ചെലവഴിച്ച തുക (രൂപ)				ആകെ (രൂപ)
		2021-2022	2022-2023	2023-2024	2024-2025	
1	ഉപകേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ	0	4879/-	36503/-	0	41382/-
2	ഉപകേന്ദ്രങ്ങളിൽ 14 തരം ടെസ്റ്റുകളും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ 64 തരം ടെസ്റ്റുകളും ഏർപ്പെടുത്തുക	0	41900/-	0	0	41900
3	ഉപകരണങ്ങൾ, കിറ്റുകൾ, റീയേജന്റ് എന്നിവ വാങ്ങുന്നതിനും ഇവ സൂക്ഷിക്കുന്നതിനുമുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തുക	0	58878/-	783748/-		842626/-
4	ഉപകരണങ്ങളുടെ മെയിന്റനൻസ്	0	74000	0	0	74000/-
5	ലാബ് ടെക്നീഷ്യൻ, ഫീൽഡ് സ്റ്റാഫ് എന്നിവർക്ക് പരിശീലനം	0	0	17749/-	0	17749/-
6	ലാബ് ഇല്ലാത്ത സ്ഥാപനങ്ങളിൽ പുതിയ ലാബ് ആരംഭിക്കൽ	0	0	0	0	0
	ആകെ	0	179657/-	838000/-	0	1017657/-

Grant For Rural Health & Wellness Centres എന്ന ഇനത്തിൽ ലഭിച്ച ഗ്രാന്റുപയോഗിച്ച് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഇനം	ചെലവഴിച്ച തുക (രൂപ)				ആകെ (രൂപ)
		2021-2022	2022-2023	2023-2024	2024-25	
1	പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ.			99337/-		99337/-
2	ഇന്റർനെറ്റ് ചാർജ്					
3	ബോധവൽക്കരണ ക്ലാസുകൾ				10203/-	10203/-
4	ജീവനക്കാർക്കും ആശാ വർക്കർമാർക്കും ആരോഗ്യ പ്രവർത്തകർക്കും പരിശീലനം			10950/-		10950/-
5	ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും സാമഗ്രികളും വാങ്ങുക		55200/-	235510/-		290710/-
	ആകെ	0	55200/-	345797/-	10203/-	411200/-

Construction Of Building To Health Sub Centres

ക്രമ നമ്പർ	ഇനം	ചെലവഴിച്ച തുക (രൂപ)	2021-2022	2022-2022	2023-2024	2024-2025	ആകെ (രൂപ)
1	Construction Of Building		0		0	0	0

2021-2026 കാലയളവിലേയ്ക്കാണ് ഹെൽത്ത് ഗ്രാന്റ് അനുവദിക്കുന്നത്. അതാത് വർഷം അനുവദിക്കുന്ന ഹെൽത്ത് ഗ്രാന്റ് പൂർണ്ണമായും വിനിയോഗിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഹെൽത്ത് ഗ്രാന്റ് ഫലപ്രദമായി ഉപയോഗിക്കേണ്ടതുമാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന

1. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയതുക ₹	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക ₹	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക ₹	റിമാർക്സ്
15	82,000/-	82,000/-	0	

(1-4-2024 മുതൽ 31-3-2025 നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ളവർ ഒഴികെ)

2. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (1-4-2024 മുതൽ 30-6-2024-നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവീസിൽ പ്രവേശിച്ച മാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (7/22 മുതൽ അല്ലെങ്കിൽ 7/23 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) ₹	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക ₹	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക ₹	റിമാർക്സ്
1	ജൂൺ 2024	500/-	500/-	ഇല്ല	

3. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (1/7/24 മുതൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (7/22 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതുൾപ്പെടെ)	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
ബാധകമല്ല				

4. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (1/8/24മുതൽ 31/3/25 നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവീസിൽ പ്രവേശിച്ച മാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (7/22	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ	ഒടുക്കാൻ ബാക്കി നിൽക്കുന്ന	റിമാർക്സ്

		മുതൽ അല്ലെങ്കിൽ 7/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ	ഒടുക്കിയ തുക	തുക	
ബാധകമല്ല					

4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2024-25	11.11.2025, 12.11.2025	കെ.എസ്.എ.കെ.എൽ.എം.പി11/2349/25 തീയതി-19.12.2025

4-3 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	പ്രോജക്ടിന്റെ പേര്	ലഭിച്ച തുക (രൂപ)	ചെലവ് (രൂപ)	നീക്കിയിരിപ്പ് (രൂപ)
ബ്ലോക്ക് പഞ്ചായത്ത്	2024-25	പൊതുസ്ഥലങ്ങളിൽ ക്യാമറ സ്ഥാപിക്കൽ 218/25	650000/-	650000/-	0
		ലൈഫ് (ജനറൽ)- 13/25	1400000/-	1400000/-	0
		അനുപൂരക പോഷകാഹാര പരിപാടി പ്രോജക്ട് നമ്പർ – 17/25	109184/-	109184/-	0
		ഭിന്ന ശേഷികുട്ടികൾക്ക് സ്കോളർഷിപ്പ് പ്രോജക്ട് നമ്പർ – 23/25	170500/-	170500/-	0
ജില്ലാ പഞ്ചായത്ത്	2024-25	ലൈഫ് മിഷൻ -ജനറൽ – 13/25	320000/-	320000/-	0
		ഭിന്ന ശേഷികുട്ടികൾക്ക് സ്കോളർഷിപ്പ് പ്രോജക്ട് നമ്പർ – 23/25	52500/-	52500/-	0

4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	മുൻകൂർ നൽകിയ തുക (രൂപ)	ചെലവഴിച്ച തുക(രൂപ)	ചെലവഴിക്കാൻ ബാക്കിയുള്ള തുക(രൂപ)
KSEB	സ്ട്രീറ്റ് ലൈറ്റ് വൈദ്യുത ലൈൻ ദീർഘിപ്പിക്കൽ (39/25)	248,750/-	248,750/-	0/-
KSEB	സ്ട്രീറ്റ് ലൈറ്റ് വൈദ്യുത ലൈൻ ദീർഘിപ്പിക്കൽ (287/25)	116,228/-	116,228/-	0/-
കേരള വാട്ടർ അതോറിറ്റി	ഭൂജല വിതാനം- പരിശോധന ചാർജ്ജ്	3870/-	3870/-	0/-

4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-6 വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് KURDFC വായ്പയിനത്തിൽ വരവില്ല. മുൻബാക്കി 73,87,307/- രൂപയിൽ 50,07,254/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തീയതി	വായ്പ തുക (രൂപ)	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂപ)	തൻവർഷം തിരിച്ചടച്ച തുക (രൂപ)		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ)
				മുതൽ	പലിശ	
ഭവന വായ്പ	80285/ DB1/13/ LSGD 16.01.2014	ഇല്ല	0	0		പലിശയിനത്തിൽ 24,337/-രൂപ ഒടുക്കുവാൻ അവശേഷിക്കുന്നുണ്ടെന്ന് അറിയിച്ചു.
KURDFC	-	ഇല്ല.	2,49,14,415/-	24,59,084/-	-	2,24,55,331/-

4-7 സ്ഥിരനിക്ഷേപം

ഇല്ല

4-8 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 28,781/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക (രൂപ)	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീത് നമ്പർ/ തീയതി
2019-20	3-1	15,046/-	ശ്രീമതി. സീന. റ്റി. ജെ, അസിസ്റ്റന്റ് എഞ്ചിനീയർ	1240100335/ 15-05-2024
2023-24	Plan Fund Refund As Per Audit Report	13735/-	അജിതകുമാരി, മെഡിക്കൽ ഓഫീസർ പി.എച്ച്.സി	1240101057/ 24-08-2024

4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2000-01	13	2004-5	3-2 I 4-1	ജനകീയാസൂത്രണ ചട്ടങ്ങൾക്ക് വിരുദ്ധമായി ഗുണഭോക്തൃ സമിതി രൂപീകരിച്ചു കൺവീനറെ നിയമിച്ചു.	റവന്യൂ റിക്കവറി നടപടിക്കു ശിപാർശ
2001-02	3.6	2006-07	3.11.5	ഹോമിയോ ഡിസ്പെൻസറി	ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സമിതി (2014-16), 43-ാമത് റിപ്പോർട്ട് പ്രകാരം ഒഴിവാക്കി.
2002-03	3.15	2006-07	3.11.7	നിക്ഷേപ വേലകൾ	ലോക്കൽ ഫണ്ട് അക്കൗണ്ട്സ്

				പൂർത്തിയാക്കിയിട്ടില്ല	സമിതി (2014-16), 43-ാമത് റിപ്പോർട്ട് പ്രകാരം തുടർനടപടിക്ക് ശിപാർശ ചെയ്തു.

4-10 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

സർചാർജ്ജ് സർട്ടിഫിക്കറ്റ് കെ.എസ്.എ 2116/സ്പെ.സെൽ/സി.എസ്.സി/ബി2/2020 തീയതി 14.02.2024 പ്രകാരം തൻവർഷം ഒടുക്കിയിട്ടുള്ള 15247/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക (രൂപ)	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീത് നമ്പർ/ തീയതി
2017-18	3-1 (1) , 3-1 (4)	15,247/-	ശ്രീമതി. സംഗീത.എ.എസ്, കൃഷി ഓഫീസർ	1240100289/ 09-05-2024

4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക (₹)		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
ഇല്ല			

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (₹)	ഉത്തരവാദിയായ ആളുടെ പേരും,ഉദ്യോഗപ്പേരും
1-17	20,333/-	ഡോ. ആമിന കെ എൻ, മെഡിക്കൽ ഓഫീസർ (ഹോമിയോ)
1-19	200,000/-	ശ്രീമതി. ജി. എസ് സുനിത, സെക്രട്ടറി
1-20	25,000/-	ഡോ.അപർണ, മെഡിക്കൽ ഓഫീസർ, പി. എച്ച്.സി.
ആകെ	245333/-	

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി. ജി. എസ് സുനിത, സെക്രട്ടറി	സെക്രട്ടറി, അഞ്ചൽ ഗ്രാമ പഞ്ചായത്ത്	മൺതടത്തിൽ വീട് പകൽക്കുറി പി ഓ തിരുവനന്തപുരം
ഡോ. ആമിന കെ എൻ ,	മെഡിക്കൽ ഓഫീസർ	ക്യാവിൽ ഹൌസ്,

മെഡിക്കൽ ഓഫീസർ (ഹോമിയോ)	(ഹോമിയോ, മേലില ഗ്രാമ പഞ്ചായത്ത്	ഉമയനല്ലൂർ പി. ഒ കൊല്ലം
ഡോ.അപർണ	മെഡിക്കൽ ഓഫീസർ, പി. എച്ച്.സി.	അശ്വിനി, ചേകം, പത്തനാപുരം

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1996-97	കെ.എസ്.എ.കെ.എൽ.എം.പി11/399(1)/23-2-18	1
1997-98	കെ.എസ്.എ.കെ.എൽ.എം.പി11/399(2)/23-2-18	3
1998-99	കെ.എസ്.എ.കെ.എൽ.എം.പി11/399(3)/23-2-18	7
1999-2000	കെ.എസ്.എ.കെ.എൽ.എം.പി11/399(4)/23-2-18	4
2000-01	കെ.എസ്.എ.കെ.എൽ.എം.പി11/399(5)/23-2-18	6
2001-02	കെ.എസ്.എ.കെ.എൽ.എം.പി11/399(6)/23-2-18	3
2002-03	കെ.എസ്.എ.കെ.എൽ.എം.പി11/399(7)/23-2-18	8
2003-04	കെ.എസ്.എ.കെ.എൽ.എം.പി11/399(8)/23-2-18	8
2004-05	കെ.എസ്.എ.കെ.എൽ.എം.പി11/399(9)/23-2-18	2
2005-06	കെ.എസ്.എ.കെ.എൽ.എം.പി11/399(10)/ തീയതി.23-2-18	8
2006-07	കെ.എസ്.എ.കെ.എൽ.എം.പി11/738(1)/2019 തീയതി. 31.05.19	15
2007-08	കെ.എസ്.എ.കെ.എൽ.എം.പി11/738(2)/2019 തീയതി. 31.05.19	12
2008-09	കെ.എസ്.എ.കെ.എൽ.എം.പി11/738(3)/2019 തീയതി. 31.05.19	10
2009-10	കെ.എസ്.എ.കെ.എൽ.എം.പി11/738(4)/2019 തീയതി. 31.05.19	8
2010-11	കെ.എസ്.എ.കെ.എൽ.എം.പി11/738(5)/2019 തീയതി. 31.05.19	7
2011-12, 2012-13	കെ.എസ്.എ.കെ.എൽ.എം.പി.11/അദാലത്ത്/2011-12 & 2012-13/501/22 (1) തീയതി. 19.08.22	18
2013-14, 2014-15	കെ.എസ്.എ.കെ.എൽ.എം.പി.11/അദാലത്ത്/2013-14 & 2014-15/501/22 (2) തീയതി. 19.08.22	22
2015-16	കെ.എസ്.എ.കെ.എൽ.എം.പി.11/അദാലത്ത്/ 2015-16/501/22 (3) തീയതി. 19.08.22	9
2016-17	കെ.എസ്.എ.കെ.എൽ.എം. പി11/1544/2017/ തീയതി. 16.09.2017	12
2017-18	കെ.എസ്.എ.കെ.എൽ.എം.പി11/1711/2018 തീയതി. 21.1.2019	14
2018-19	കെ.എസ്.എ.കെ.എൽ.എം.പി11/429/2020 തീയതി. 20-05-2020	9
2019-20	കെ.എസ്.എ.കെ.എൽ.എം.പി11/249/2022 തീയതി. 12-05-2022	12

2020-21	കെ.എസ്.എ.കെ.എൽ.എം.പി11/1688/2021 തീയതി. 18-07-2022	9
2021-22	കെ.എസ്.എ.കെ.എൽ.എം.പി11/2230/22 തീയതി. 27.03.23	11
2022-23	കെ.എസ്.എ.കെ.എൽ.എം.പി11/1757/23തീയതി. 02.11.23	എല്ലാ ഖണ്ഡികകളും
2023-24	കെ.എസ്.എ.കെ.എൽ.എം.പി11/1407/24 തീയതി 17/08/2024	എല്ലാ ഖണ്ഡികകളും

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 08-07-2025 and submitted on 08-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Melila Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Melila Grama Panchayat as on 31-03-2025

Date: 19/12/2025

Deputy Director
District Office Kollam
Kerala State Audit Department

Audit Report appended to the Audit Certificate of Melila Grama Panchayat for the Year 2024-2025 .

1.Major Observations

Nil

2.Other Observations

1. The Opening balance of State share in 2024-25 is 23,90,000/-. The receipt in the year 2024-25 is zero. But The expenditure in the year from this head is 27,50,000/-. Out of this, 25,50,000/- was wrongly disbursed from Hudco loan account.

2. The wrongly disbursed amount 2550000/- from Hudco loan account was recouped from own fund on 06.09.2025. But the actual balance of state share in own fund is 23,90,000/- .

The excess amount recouped from own fund should be refunded as and when state share is received.

3. The amount of Rs.57254/- to be disbursed from Hudco loan account in Life General is wrongly disbursed from own fund (Cheque no 912352/24.08.24).
So there is a difference of expenditure of Rs.57254/- between Sulekha and Hudco bank account.

4. The Block panchayath share Expenditure as per I-6 schedule is 1679684/-.
But tha expenditure as per Sulekha is Rs.2329684/-. Rs. 650000/- received from Vettikavala Block Panchayath as block share amount of project no 211/25 (Installation of CCTV camera in public places)
was included in Sulekha but not included in I-6 schedule.

5. The arrear demand values of property tax as per sanchaya do not match with AFS

Item	Sanchaya	AFS
Non Residential Arrear Demand	82616	9817
Residential Arrear Demand	11580	60624

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ മേലില ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-3

അനുബന്ധപത്രികകൾ

1	റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്	സംക്ഷിപ്തം (Audited Abstract)
2	ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്	
3	ബാലൻസ് ഷീറ്റ്	

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.